പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 276 28.06.2011-ൽ മറുപടിയ്ക്ക്

സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) റാന്നി - പെരുനാട് 33 കെ. വി സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; | (എ) റാന്നി - പെരുനാട് 33 കെ. വി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തോടടുക്കുന്നു. ഏകദേശം 92% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഇതുവരെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിച്ചതെന്നും എന്തൊക്കെ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ ; | (ബി) ട്രാൻസ്ഫോർമറും അനുബന്ധ ഉപകരണങ്ങളും ഘടിപ്പിക്കുന്ന പ്രവൃത്തിയും കൺട്രോൾ റൂം നിർമ്മാണ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. യാർഡ് മെറ്റലിംഗ്, ഫെൻസിംഗ്, റോഡ് നിർമ്മാണം, വിവിധ ടെസ്റ്റിങ്ങുകൾ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തിക്കായി ഇതേവരെ എന്തു തുകയാണ് മുടക്കിയതെന്ന് വ്യക്തമാക്കാമോ ; | (സി) പ്രസ്തുത പ്രവൃത്തിക്കായി ഇതുവരെ 162 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (ഡി) പത്തനംതിട്ട നിന്നും പെരുനാടിലേക്ക് വലിക്കുന്ന 33 കെ. വി ലൈനിന്റെ നിർമ്മാണ പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത സബ് സ്റ്റേഷൻ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ഡി) റാന്നി-പെരുനാട് ലൈൻ വലിക്കാനായി 80% pole/tower erection പൂർത്തീകരിക്കുകയും ഏകദേശം 3 കിലോമീറ്റർ ലൈൻ വലിക്കുകയും ചെയ്തു കഴിഞ്ഞു. ഗവൺമെന്റിന്റെ 100 ദിന പരിപാടിയിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | റാന്നി-പെരുന്തേനരുവി 11 കെ. വി ഫീഡർ നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ; ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ; | (ഇ) | റാന്നി-പെരുന്തേനരുവി 11 കെ. വി ഫീഡറിന് 1,05,96,163 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (എഫ്) | എങ്കിൽ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ? | (എഫ്) | സബ്സ്റ്റേഷനിൽ നിന്നുള്ള 11 കെ. വി കേബിളിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫീഡർ കമ്മീഷൻ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ.